

ഡോ. എൻ.ഗോപകുമാർ
MS,MCh (Urology),FEBU,FRCS(Glas)
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

പ്രോസ്റ്റേറ്റ് രോഗങ്ങളും പരിശോധനാരീതിയും

ഡോക്ടർ, എനിക്ക് 70 വയസ്സുണ്ട്. ഇന്നലെ ഒരു ഹെൽത്ത് ചെക്കപ്പ് ചെയ്തപ്പോൾ എനിക്ക് PSA 20 ആണെന്ന് കണ്ടു. ഒരു യൂറോളജിസ്റ്റിനെ കാണാൻ പറഞ്ഞു. ഇതിനെപ്പറ്റി ഒന്നു വിശദീകരിക്കാമോ?

മുരളീധരൻ, കൊല്ലം

പ്രോസ്റ്റേറ്റ് ഗ്രന്ഥിയിൽ ഉണ്ടാകുന്ന ഒരു പ്രോട്ടീൻ ആണ് 'പ്രോസ്റ്റേറ്റ് സ്പെസിഫിക് ആന്റിജൻ' (PSA). നാലു വരെയാണ് പിഎസ്എയുടെ ആരോഗ്യപരമായ അളവ്. പിഎസ്എയുടെ ഉയർന്ന അളവ് പ്രോസ്റ്റേറ്റ് ഗ്രന്ഥിയെ ബാധിക്കുന്ന പലതരം അസുഖങ്ങളുടെ രോഗലക്ഷണമാണ്.

അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സുഖമാണ് പ്രോസ്റ്റേറ്റ് കാൻസർ. പ്രോസ്റ്റേറ്റ് കാൻസറിന്റെ ഒരു പ്രധാന ലക്ഷണമാണ് ക്രമാതീതമായി ഉയർന്ന പിഎസ്എ. പ്രോസ്റ്റേറ്റ് കാൻസർ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചു കഴിഞ്ഞ കേസുകളിൽ പിഎസ്എയുടെ അളവ് വളരെയധികം ഉയർന്നതായിരിക്കും. എന്നാൽ പിഎസ്എയുടെ അളവ് ഉയർന്നതാണെന്നു കണ്ടെന്നു കരുതി കാൻസറാണെന്ന് ഭയപ്പെടേണ്ടതില്ല. പ്രോസ്റ്റേറ്റ് വീക്കമുള്ളവരിലും ഈ ലക്ഷണം കാണാം. എന്നാൽ, സാധാരണ കേസുകളിൽ ഇത് 12 ൽ കൂടാറില്ല. പ്രോസ്റ്റേറ്റ് ഗ്രന്ഥിക്കു ബാക്ടീരിയൽ അണുബാധ ഉണ്ടായാലും പിഎസ്എയുടെ അളവിൽ വർധന ഉണ്ടാകാം. ആന്റി ബാക്ടീരിയൽ മരുന്നുകൾ ഉപയോഗിച്ചുള്ള കൃത്യമായ ചികിത്സ ലഭിക്കുന്നതോടെ പിഎസ്എ സാധാരണ അളവിലേക്ക് എത്തുകയും ചെയ്യും.

മലദ്വാരത്തിലൂടെയുള്ള പരിശോധന, പ്രോസ്റ്റേറ്റ് മസാജ്, മൂത്രതടസ്സത്തിന് കത്തീറ്റർ ഇടുക, സിസ്റ്റോസ്കോപി പരിശോധന, പ്രോസ്റ്റേറ്റ് വീക്കത്തിനുള്ള എൻഡോസ്കോപ്പിക് ശസ്ത്രക്രിയ മുതലായ കാര്യങ്ങളും രക്തത്തിലെ പിഎസ്എയുടെ അളവ് കൂട്ടുന്നു. എൻഡോസ്കോപ്പിക് ശസ്ത്രക്രിയ മൂലമുണ്ടായ പിഎസ്എയുടെ വർധന നാല് ആഴ്ചയിൽ പഴയ നിലയിലാകും.

ഒരു യൂറോളജിസ്റ്റിനെ കണ്ട് മലദ്വാരത്തിലൂടെയുള്ള പരിശോധന, mp MRI, ഗാലിയം PET CT, പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ ബയോപ്സി, പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ ജനിതക പരിശോധന മുതലായവ ചെയ്യുന്നതുവഴി പ്രോസ്റ്റേറ്റ് കാൻസർ ഉണ്ടോ എന്ന് കണ്ടെത്താം.

രോഗം കണ്ടുപിടിച്ചശേഷം ശസ്ത്രക്രിയ, റേഡിയേഷൻ ചികിത്സ, ഹോർമോൺ ചികിത്സ മുതലായ വിവിധ ചികിത്സാരീതികൾ കാൻസറിന്റെ സ്റ്റേജ് അനുസരിച്ച് തീരുമാനിക്കും. ചികിത്സ വിജയകരമായാൽ പിഎസ്എയുടെ അളവ് കുറയും.

ചികിത്സയ്ക്കുശേഷം കാൻസർ തിരിച്ചു വന്നാൽ പിഎസ്എയുടെ അളവ് വീണ്ടും കൂടും. പ്രോസ്റ്റേറ്റ് കാൻസർ ചികിത്സയുടെ ജയപരാജയങ്ങളുടെ ഒരു അളവുകോൽ കൂടിയാണ് രോഗിയുടെ പിഎസ്എയുടെ അളവ്. ■

ഗോവിന്ദക്കുറുപ്പ് വന്നതും വിധുമതി ഇറങ്ങിച്ചെന്നു. അച്ഛൻ മകളെ ആശ്ലേഷിച്ച് കയ്യിലിരുന്ന പലഹാരപ്പൊതി നൽകി. വിധുബാല കുടെയുണ്ടായാലും ശരി ഗോവിന്ദക്കുറുപ്പിന് സ്വന്തം മകളോടാണ് കൂടുതൽ പ്രിയം. അതു കഴിഞ്ഞേയുള്ളൂ മറ്റാരും.

''അച്ഛന്റെ ഹെൽത്ത് ഒക്കെ..?''

''ഒരു ക്ഷീണോം ഇല്ല.'' ഗോവിന്ദക്കുറുപ്പ് അഭിമാനത്തോടെ പറഞ്ഞു.

''ഇപ്പഴും മണിമലയാറ്റിൽ നീന്തിക്കുളിക്കും. അഞ്ചാമത്തെ വയസ്സിൽ തുടങ്ങിയതാ. ഇപ്പഴും മറുകര നീന്തും. അതാണെന്റെ ആരോഗ്യത്തിന്റെ രഹസ്യം.''

''രഹസ്യമല്ല, പരസ്യം. എല്ലാർക്കും അറിയാല്ലോ.'' വിധുമതി പറഞ്ഞു.

നാലുപേരുംകൂടി ഒന്നിച്ചിരുന്ന് ബ്രേക്ഫാസ്റ്റ് കഴിച്ചു. ഇഡ്ഡലി, ദോശ, സാമ്പാർ, ചമ്മന്തി.

''ഇതുമാത്രം ഇത്ര ടേസ്റ്റിയായിട്ട് ലോകത്തൊരിടത്തും കിട്ടത്തില്ല കേട്ടോ...'' വിധുബാല അഭിനന്ദിച്ചു.

'ഇതെങ്ങനെ സാധിക്കുന്നു... അമ്മ എന്തെല്ലാം പൊടിക്കൈ പ്രയോഗിച്ചാലും ഇത്രേം വരത്തില്ല. ഈ കൈപ്പുണ്യം ആർക്കെങ്കിലും കൊടുക്കണേ അമ്മമ്മേ.''

''നിനക്കു തന്നേക്കാം.''

''പക്ഷേ, എനിക്കു കുക്കിങ് ഇഷ്ടമല്ല.''

''നിന്നെ കെട്ടുന്നവൻ പഠിപ്പിച്ചോളും.''

''എന്നെ കെട്ടുന്നോനെ ഞാൻ പഠിപ്പിച്ചോളാം. അമ്മമ്മ ഇതിന്റെ സീക്രട്ട് പറഞ്ഞു തന്നാ മതി.''

അവർ സംസാരിക്കുന്നതിനിടയിൽ മുറ്റത്തു കാറിന്റെ ഇരമ്പലും ഹോണും കേട്ടു.

''പ്രസാദ് എത്തി.'' ഓമനക്കുഞ്ഞമ്മ പറഞ്ഞു.

അവർ എഴുന്നേറ്റു കൈ കഴുകി.

അപ്പോഴേക്കും പ്രസാദചന്ദ്രനും പദ്മജയും സൂര്യദത്തും ഇന്ദ്രദത്തുംകൂടി അവിടേക്കു വന്നു.

''ഇവിടെ രണ്ടു വിവിഐപീസ് എത്തീട്ടുണ്ടെന്നറിഞ്ഞു വന്നതാ.'' സൂര്യദത്ത് വിധുബാലയെ നോക്കി കമന്റ് പറഞ്ഞു.

''വിവിഐപീസ് ഇപ്പഴാണ് എത്തിയത്. രണ്ടല്ല, നാല്.'' വിധുബാല തിരിച്ചു പറഞ്ഞു.

''ഇത് ഞങ്ങൾടെ വീടല്ലേ. ഞങ്ങളെങ്ങനാ ഇവിടെ വിഐപികളാകുന്നെ.''

ഇന്ദ്രദത്ത് ചോദിച്ചു.

''നിങ്ങടെ വീട് വള്ളംകുളത്ത്. ഇത് ഞങ്ങടെയാ.'' വിധുബാല മറുപടി പറഞ്ഞു.

''തോറ്റു.'' സൂര്യദത്ത് കൈ കൂപ്പി.

വിധുമതിയുടെ സഹോദരനാണ് പ്രസാദചന്ദ്രൻ. അയാളുടെ ഭാര്യ പദ്മജ. മക്കൾ സൂര്യദത്തും ഇന്ദ്രദത്തും.

വിധുമതിയുടെ മൂത്ത സഹോദരൻ പ്രഫുല്ലചന്ദ്രൻ അമേരിക്കയിൽ ഡോക്ടറാണ്. അയാളും കുടുംബവും അവിടെ സ്ഥിരതാമസമായി.

സംഭാഷണങ്ങൾക്കിടയിൽ പ്രഫുല്ലചന്ദ്രനെപ്പറ്റിയും അയാളുടെ മക്കളെപ്പറ്റിയും പരാമർശം വന്നു. മൂന്നു വർഷം മുൻപാണ് അവസാനമായി പ്രഫുല്ലചന്ദ്രനും കുടുംബവും കേരളത്തിൽ വന്നിട്ടു പോയത്. വന്നാൽ കുമ്പനാട്ടുള്ള ഭാര്യവീട്ടിലാണ് കൂടുതൽ ദിവസങ്ങൾ താമസിക്കുക. എലവുങ്കൽ തറവാട്ടിൽ സന്ദർശനങ്ങൾ മാത്രം.

കളിതമാശകളും ക്ഷേമാന്വേഷണങ്ങളുമായി അവർ ഊണുമുറിയിൽ തന്നെ കൂടി.

പ്രസാദചന്ദ്രൻ കുടുംബസമേതം വള്ളംകുളം എന്ന സ്ഥലത്താണ് താമസം. വിധുമതിയെ വിവാഹം കഴിപ്പിക്കുന്നതിനു മുൻപുതന്നെ ഭാഗംവയ്പിൽ തീരുമാനം എടുക്കേണ്ടിവന്നു. പദ്മജയ്ക്ക് പ്രസാദചന്ദ്രനെ